5/3/22

3/3/22

# സംസ്ഥാന വിവരാവകാശ കമ്മീഷൻ കേരളം, തിരുവനന്തപുരം 695 001

E-mail: sic.ker@nic.in

**ഹർജി നമ്പർ AP No. 2025(1)/2021/SIC തീർപ്പു കൽപ്പിച്ചുകൊണ്ടുള്ള നടപടിക്രമം**

**(ഫയൽ നമ്പർ: 17297/SIC-G4/2021)**

**സന്നിഹിതൻ**

**ഡോ. വിശ്വാസ് മേത്ത, മുഖ്യ വിവരാവകാശ കമ്മീഷണർ**

**തീയതി : 2022 മാർച്ച് 3**

ശ്രീ. ജോർജ്ജ് തട്ടിൽ,
മൂന്നാം നില, യൂട്ടിലിറ്റി ബിൽഡിംഗ്,
നെഹ്റു ബസാർ,
തൃശ്ശൂർ – 680 001.
} അപ്പീൽ ഹർജിക്കാരൻ

1) സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസർ &
ഇൻസ്പെക്ടർ എസ്.എച്ച്.ഒ.,
അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ,
അമ്പലപ്പുഴ.

2) അപ്പീൽ അധികാരി &
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ട്,
ഡെപ്യൂട്ടി പോലീസ് സൂപ്രണ്ടിന്റെ കാര്യാലയം,
അമ്പലപ്പുഴ.
} എതിർകക്ഷികൾ

| | |
|---|---|
| 6(1) അപേക്ഷ സമർപ്പിച്ച തീയതി | 26/08/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 22/09/2021 |
| ഒന്നാം അപ്പീൽ അപേക്ഷാ നൽകിയ തീയതി | 09/10/2021 |
| മറുപടി ലഭ്യമാക്കിയ തീയതി | 14/10/2021 |
| രണ്ടാം അപ്പീൽ അപേക്ഷ സമർപ്പിച്ച തീയതി | 21/12/2021 |
| കമ്മീഷനിൽ അപ്പീൽ ലഭ്യമായ തീയതി | 24/12/2021 |
| കമ്മീഷൻ റിപ്പോർട്ട് ആവശ്യപ്പെട്ട തീയതി | 01/01/2022 |
| കമ്മീഷനിൽ റിപ്പോർട്ട് ലഭിച്ച തീയതി | 18/01/2022 |
| ഹിയറിംഗ് നടന്ന തീയതി | 02/03/2022 –വീഡിയോ/ആഡിയോ ഹിയറിംഗ് |
| ഹിയറിംഗ് സാന്നിദ്ധ്യം : അപ്പീൽ ഹർജിക്കാരൻ:<br>എസ്.പി.ഐ.ഒ. | ഹാജരായി<br>ഹാജരായി – ഓഡിയോ |

## ഉത്തരവ്

ശ്രീ. ജോർജ്ജ് തട്ടിൽ., കമ്മീഷൻ മുമ്പാകെ സമർപ്പിച്ച അപ്പീൽ ഹർജിയിൽ ബോധിപ്പിച്ചത്, മരണപ്പെട്ടുപോയ റെജികുമാർ എന്ന ആളുടെ രക്തസാമ്പിൾ റീജണൽ ഫോറൻസിക്ക് സയൻസ് ലാബോറട്ടറിയിൽ സ്വീകരിച്ചതിന്റെ രസീത് ആവശ്യപ്പെട്ട് 26.8.2021–ന് അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ഇൻഫർമേഷൻ

ഓഫീസർക്ക് നൽകിയ വിവരാവകാശ അപേക്ഷയ്ക്ക് തെറ്റായ വിവരമാണ് നൽകിയതെന്നും തുടർന്ന് 9.10.2021–ന് രണ്ടാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപ്പീലിന് ടിയാൻ ആവശ്യപ്പെട്ട കൈപ്പറ്റ് രസീത് 7 ദിവസത്തിനുള്ളിൽ കണ്ടെത്തി പകർപ്പ് അയച്ചു നൽകുവാൻ നിർദ്ദേശം നൽകിയിട്ടും ആയത് നാളിതുവരെ നടപ്പിലാക്കിയിട്ടില്ലെന്നും ആയതിനാൽ ഹർജിക്കാരന് തെറ്റായ വിവരം നൽകിയതിനും, അപ്പീൽ അധികാരിയുടെ നിർദ്ദേശം നടപ്പിലാക്കാത്തതിനും അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ.യ്ക്കെതിരെ വിവരാവകാശ നിയമം അനുശാസിക്കുന്ന ഉചിതമായ നടപടികൾ സ്വീകരിക്കണമെന്നാണ്.

2. ഒന്നാം എതിർകക്ഷി മുമ്പാകെ സമർപ്പിച്ച അപേക്ഷയിൽ ഹർജിക്കാരൻ ആവശ്യപ്പെട്ടത് അമ്പലപുഴ പോലീസ് സ്റ്റേഷൻ ക്രൈം നമ്പർ: 64/2021 നമ്പർ കേസിൽ റെജികുമാർ എന്നയാൾ മരണപ്പെട്ടതിനെ തുടർന്ന് ടിയാന്റെ രക്തസാമ്പിൾ രാസ പരിശോധനയ്ക്കുവേണ്ടി റീജിയണൽ ഫോറൻസിക് സയൻസ് ലബോറട്ടറിയിൽ സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീതിന്റെ പകർപ്പ് നൽകണമെന്നാണ്. മേൽപ്പടി അപേക്ഷയ്ക്ക് 22.09.2021 തീയതി ഒന്നാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, മേൽപ്പടി കേസിന്റെ സി.ഡി. ഫയൽ പരിശോധിച്ചതിൽ മരണപ്പെട്ട റെജികുമാറിന്റെ രക്തസാമ്പിൾ ശേഖരിച്ചിട്ടില്ലാത്തതായും ആർ.എഫ്.എസ്.എൽ –ലേക്ക് അയച്ചു നൽകിയിട്ടില്ലാത്തതായും കാണുന്നു എന്നാണ്.

3. വിവരാവകാശ അപേക്ഷയ്ക്ക് ഒന്നാം എതിർകക്ഷി തെറ്റായ വിവരമാണ് നൽകിയതെന്നും ആവശ്യപ്പെട്ട രേഖ സാക്ഷ്യപ്പെടുത്തി നൽകണമെന്നും ആവശ്യപ്പെട്ടുകൊണ്ട് ഹർജിക്കാരൻ 09.10.2021 തീയതി രണ്ടാം എതിർകക്ഷി മുമ്പാകെ അപ്പീൽ അപേക്ഷ സമർപ്പിച്ചു. മേൽപ്പടി അപ്പീൽ അപേക്ഷയ്ക്ക് രണ്ടാം എതിർകക്ഷി നൽകിയ മറുപടിയിൽ അറിയിച്ചത്, അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ സ്റ്റേറ്റ് പബ്ലിക് ഇൻഫർമേഷൻ ഓഫീസറിൽ നിന്നും ലഭ്യമായ റിപ്പോർട്ടിൽ അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ ക്രൈം 64/2021–ാം നമ്പർ കേസ്സിന്റെ കൃത്യത്തിന് ഹേതുവായി മരണപ്പെട്ട റെജികുമാറിന്റെ പോസ്റ്റ്മോർട്ടം പരിശോധന സമയം പോലീസ് സർജൻ ശേഖരിച്ച് നൽകിയിരുന്ന രക്തസാമ്പിൾ ബോഡി ബന്തവസ്ത് ഡ്യൂട്ടിക്ക് നിയമിച്ചിരുന്ന സി.പി.ഒ. 6302 ശ്രീ.അനസ്സ് എന്ന പോലീസ് ഉദ്യോഗസ്ഥനെ ഏൽപ്പിച്ചിരുന്നതും പ്രസ്തുത സാമ്പിൾ ആർ.എഫ്.എസ്.എൽ കൊച്ചിയിൽ അയച്ചിട്ടുണ്ടെന്നും ആർ.എഫ്.എസ്.എൽ.ൽ നിന്നും ലഭിച്ച കൈപ്പറ്റ് രസീത് എങ്ങനെയോ കാണാതായതാണെന്നും ആയതിനാലാണ് സി.ഡി. ഫയൽ പരിശോധിച്ചതിൽ നിന്നും ആയത് കണ്ടെത്തുവാൻ കഴിഞ്ഞില്ല എന്നും കൂടുതൽ പരിശോധന നടത്തി ടി രസീത് കണ്ടെത്തുന്നതിനുള്ള നടപടി സ്വീകരിച്ചിട്ടുണ്ടെന്നും റിപ്പോർട്ട് സമർപ്പിച്ചിട്ടുള്ളതാണെന്നും ആയതിന്റെ അടിസ്ഥാനത്തിൽ 7

ദിവസത്തിനുള്ളിൽ ടി രസീത് കണ്ടെത്തി പകർപ്പ് നൽകണമെന്ന് അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ.യ്ക്ക് കർശന നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നുമാണ്.

4. രണ്ടാം എതിർകക്ഷി 08.01.2022 തീയതി കമ്മീഷൻ മുമ്പാകെ സമർപ്പിച്ച റിപ്പോർട്ടിൽ പ്രസ്താവിച്ചത്, അപ്പീൽ ഉത്തരവിനെ തുടർന്ന് ഹർജിക്കാരൻ ആലപ്പുഴ ജില്ലാ പോലീസ് മേധാവിയ്ക്ക് സമർപ്പിച്ച പരാതിയിൽ 7 ദിവസത്തിനുള്ളിൽ അപേക്ഷകന് രസീത് ലഭ്യമാക്കി നൽകണമെന്ന ഒന്നാം അപ്പീൽ അധികാരിയുടെ കർശന നിർദ്ദേശം അമ്പലപ്പുഴ പോലീസ് എസ്.പി.ഐ.ഒ. പാലിച്ചിട്ടില്ലെന്നും അമ്പലപുഴ പോലീസ് സ്റ്റേഷനിൽ നിന്നും തെറ്റായ വിവരം നൽകി എന്നും ടി രസീത് ലഭ്യമാക്കുന്നതിനുള്ള നടപടി സ്വീകരിക്കണമെന്നും ആവശ്യപ്പെട്ടുകൊണ്ടുള്ള പരാതിയുടെ അടിസ്ഥാനത്തിൽ ടി രസീതിന്റെ സാക്ഷ്യപ്പെടുത്തിയ പകർപ്പ് 2 ദിവസത്തിനുള്ളിൽ ഹാജരാക്കണമെന്ന് 11.11.2021-ന് അമ്പലപ്പുഴ പോലീസ് സ്റ്റേഷൻ എസ്.പി.ഐ.ഒ.യ്ക്ക് രേഖാമൂലം നിർദ്ദേശം നൽകിയിട്ടുള്ളതാണെന്നും ആയതിന് 27.11.2021-ന് എസ്.പി.ഐ.ഒ. നൽകിയ മറുപടിയിൽ RFSL -ൽ രക്തസാമ്പിൾ സമർപ്പിച്ചിട്ടില്ലെന്നും തിരുവനന്തപുരം കെമിക്കൽ ലാബിൽ അയച്ചിട്ടുണ്ടെന്ന വിവരത്തിന്റെ അടിസ്ഥാനത്തിൽ പ്രേതബന്തവസ്ത് ഡ്യൂട്ടിയ്ക്ക് നിയമിച്ച സി.പി.ഒ. 6302 അനസ്സിനെ തിരുവനന്തപുരം കെമിക്കൽ ലാബിൽ ചെന്ന് അന്വേഷിക്കാൻ നിർദ്ദേശിച്ച് അയച്ചിരുന്നു എന്നും എന്നാൽ ടി രസീത് ലഭിച്ചില്ല എന്നും കൊറോണ രോഗം പടർന്ന് പിടിച്ച് നിയന്ത്രണങ്ങൾ നിലനിന്ന സാഹചര്യത്തിൽ ജില്ലയിലെ സ്റ്റേഷനുകളിൽ നിന്നും ശേഖരിച്ച M.Os.-കൾ പ്രത്യേകം ഏർപ്പെടുത്തിയ വാഹനത്തിലാണ് തിരുവനന്തപുരത്തും എറണാകുളത്തും പ്രവർത്തിക്കുന്ന ലാബുകളിൽ പരിശോധനയ്ക്ക് അയച്ചതെന്നും എന്നാൽ ഇപ്രകാരം ഹാജരാക്കിയ M.Os.-കൾക്ക് പലപ്പോഴും രസീതുകൾ ലഭിച്ചിരുന്നില്ല എന്നുമാണ്.

5. അപ്പീൽ ഹർജിയും ബന്ധപ്പെട്ട രേഖകളും പരിശോധിച്ചതിൽ, ഹർജിക്കാരൻ ആവശ്യപ്പെട്ട രക്തസാമ്പിൾ പരിശോധനയ്ക്കായി RFSL-ൽ സ്വീകരിച്ചതിന്റെ കൈപ്പറ്റ് രസീത് ക്രൈം നം. 64/2021 നമ്പർ കേസുമായി ബന്ധപ്പെട്ട ഫയലിൽ ലഭ്യമല്ലാത്തതിനാലാണ് നൽകുവാൻ കഴിയാതിരുന്നത് എന്ന കാര്യം കമ്മീഷന് ബോധ്യമാകുന്നു. എന്നാൽ കേസ്സുമായി ബന്ധപ്പെട്ട സി.ഡി.ഫയൽ പരിശോധിച്ചതിൽ മരണമടഞ്ഞ റെജികുമാറിന്റെ രക്തസാമ്പിൾ ശേഖരിച്ചിട്ടില്ലായെന്നും ആയത് RFSL-ലേക്ക് അയച്ചു നൽകിയിട്ടില്ലായെന്നുമുള്ള തെറ്റായ മറുപടി നൽകിയത് വിവരാവകാശ നിയമം 7(1) വകുപ്പിന്റെ ലംഘനവും 20(1) വകുപ്പുപ്രകാരം ശിക്ഷാർഹവുമാണ്. എന്നാൽ ടി വീഴ്ച മന:പ്പൂർവ്വമോ,

ബോധപൂർവ്വമോ സംഭവിച്ചതല്ല എന്ന് കമ്മീഷന് ബോധ്യമായതിനാൽ ഇക്കാര്യത്തിൽ ഒന്നാം എതിർകക്ഷിയ്ക്കെതിരെ ശിക്ഷാനടപടികൾ ഒന്നും കമ്മീഷൻ സ്വീകരിക്കുന്നില്ല.

6. കോവിഡ് നിയന്ത്രണങ്ങൾ നിലനിന്നതിനാൽ M.Os.-കളും മറ്റും പ്രത്യേകം ഏർപ്പെടുത്തിയ വാഹനത്തിലാണ് ലാബുകളിലേക്ക് പരിശോധനയ്ക്ക് അയച്ചതെന്നും, ഇപ്രകാരം ഹാജരാക്കിയ M.Os.-കൾക്ക് രസീതുകൾ ലഭിച്ചിട്ടില്ല എന്നുമുള്ള ഒന്നാം എതിർകക്ഷിയുടെ റിപ്പോർട്ട് വസ്തുതാപരമാണെന്ന് കാണുന്നു. എന്നാൽ റെജികുമാറിന്റെ രക്തസാമ്പിൾ തിരുവനന്തപുരം കെമിക്കൽ ലാബിലാണ് ഹാജരാക്കിയിരുന്നത് എന്ന് കമ്മീഷൻ മുമ്പാകെ റിപ്പോർട്ട് ചെയ്തിരിക്കുന്ന സാഹചര്യത്തിൽ ഹർജിക്കാരൻ അപേക്ഷയിൽ ആവശ്യപ്പെട്ട രസീത്, ആയതുമായി ബന്ധപ്പെട്ട തീയതി, മറ്റ് റഫറൻസുകൾ തുടങ്ങിയ ലഭ്യമായ വിവരങ്ങൾ, ഒന്നാം എതിർകക്ഷി കമ്മീഷൻ മുമ്പാകെ ഉറപ്പ് നൽകിയ പ്രകാരം പ്രത്യേക ശ്രദ്ധ ചെലുത്തി 15.3.2022-നകം ഹർജിക്കാരന് ലഭ്യമാക്കേണ്ടതാണെന്നും ഭാവിയിൽ ഇത്തരത്തിലുള്ള വീഴ്ചകൾ ആവർത്തിക്കരുതെന്നും ഒന്നാം എതിർകക്ഷിയോട് കമ്മീഷൻ നിർദ്ദേശിക്കുന്നു.

7. മേൽ പ്രസ്താവിച്ച പ്രകാരം ഈ അപ്പീൽ ഹർജി തീർപ്പാക്കി ഇന്നേ ദിവസം 2022 മാർച്ച് 03-ാം തീയതി കമ്മീഷൻ ഉത്തരവ് പുറപ്പെടുവിക്കുന്നു.

(ഒപ്പ്)
ഡോ. വിശ്വാസ് മേത്ത
മുഖ്യ വിവരാവകാശ കമ്മീഷണർ

STATE INFORMATION COMMISSION KERALA, THIRUVANANTHAPURAM

സാക്ഷ്യപ്പെടുത്തിയ പകർപ്പ്

കമ്മീഷൻ സെക്രട്ടറി